ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 25.06.2024

## പ്രധാനവാർത്തകൾ

1). പതിനെട്ടാം ലോക് സഭയുടെ സ്പീക്കർ സ്ഥാനത്തേക്ക് ഓം ബിർളയെ നിർദ്ദേശിച്ച് എൻ.ഡി.എ; കൊടിക്കുന്നിൽ സുരേഷ് പ്രതിപക്ഷ സ്ഥാനാർത്ഥി.

2.) നീറ്റ് - യു.ജി പരീക്ഷ ക്രമക്കേട് സംബന്ധിച്ച അന്വേഷണം പുരോഗമിക്കുന്നു; പരീക്ഷ നടത്തിപ്പിന് തകരാറുകളില്ലാത്ത ശക്തമായ സംവിധാനം ഏർപ്പെടുത്തുമെന്ന് ഉന്നതതല സമിതി.

3.) ടി.പി.ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളുടെ ശിക്ഷാ ഇളവുമായി ബന്ധപ്പെട്ട അടിയന്തര പ്രമേയത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിപക്ഷ പ്രതിഷേധം; നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു.

4.) വന്യജീവി സംഘർഷം രൂക്ഷമായ ഇടങ്ങളിൽ കൂടുതൽ വാച്ചർമാരെ നിയോഗിച്ച് നിരീക്ഷണം ശക്തമാക്കിയതായി മന്ത്രി എ കെ ശശീന്ദ്രൻ.

5.) ഛത്തിസ്ഗഢിൽ മാവോയിസ്റ്റ് ആക്രമണത്തിൽ വീരമൃത്യു വരിച്ച സിആർപിഎഫ് ജവാൻ ആർ.വിഷ്ണുവിന് ജന്മനാടിന്റെ വിട.

6.) സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യത; വെള്ളിയാഴ്ച വരെ കേരളം, കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

RNUTVPM

*****************************************************

**പാർലമെൻറ്**

പതിനെട്ടാം ലോക് സഭയുടെ സ്പീക്കർ സ്ഥാനത്തേക്ക് എൻഡിഎ സ്ഥാനാർഥി ഓം ബിർള നാമനിർദ്ദേശ പത്രിക നൽകി. മാവേലിക്കരയിൽ നിന്നുള്ള എം.പി കൊടിക്കുന്നിൽ സുരേഷാണ് പ്രതിപക്ഷ സ്ഥാനാർത്ഥി. നാളെയാണ് ലോക് സഭാ സ്പീക്കർ തിരഞ്ഞെടുപ്പ്. രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെൻറിൻറെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ മറ്റന്നാൾ അഭിസംബോധന ചെയ്യും. മറ്റന്നാൾ രാജ്യസഭ സമ്മേളനത്തിനും തുടക്കമാകും. അതേസമയം പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ ലോക്സഭയിൽ ഇന്നും തുടരുകയാണ്.

*****************************************************

**നീറ്റ് - യു.ജി**

നീറ്റ് - യുജി പരീക്ഷയിലെ ക്രമക്കേടുകൾ അന്വേഷിക്കാൻ നിയോഗിച്ച സി ബി ഐ സംഘം ബിഹാർ, ഗുജറാത്ത്, രാജസ്ഥാൻ എന്നിവിടങ്ങളിൽ നിന്നുള്ള അഞ്ച് കേസുകൾ ഏറ്റെടുത്തു. ഗുജറാത്ത്, ബിഹാർ എന്നിവിടങ്ങളിൽ നിന്ന് ഓരോ കേസും രാജസ്ഥാനിൽ നിന്ന് മൂന്ന് കേസുകളും രജിസ്റ്റർ ചെയ്തതായി ഉദ്യോഗസ്ഥർ അറിയിച്ചു. മഹാരാഷ്ട്രയിലെ ലാത്തൂറിൽ നിന്ന് മറ്റൊരു കേസ് കൂടി സിബിഐ ഏറ്റെടുക്കുമെന്നാണ് സൂചന. പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ടതാണ് ബിഹാർ പോലീസ് ഫയൽ ചെയ്ത FIR . പരീക്ഷാർത്ഥികളും പ്രാദേശിക ഉദ്യോഗസ്ഥരും ഇൻവിജിലേറ്റർമാരും ഉൾപ്പെട്ട ആൾമാറാട്ടം, വഞ്ചന തുടങ്ങിയ കുറ്റങ്ങളുമായി ബന്ധപ്പെട്ടതാണ് മറ്റ് നാല് കേസുകൾ.

*****************************************************

RNUTVPM

**നീറ്റ് - സമിതി**

രാജ്യത്ത് മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികളുടെയും മാതാപിതാക്കളുടെയും ആശങ്കകളും അഭിപ്രായങ്ങളും മനസിലാക്കുന്നതിനാണ് പ്രഥമ പരിഗണന നൽകുന്നതെന്ന് ദേശീയ പരീക്ഷാ ഏജൻസിയുടെ സുതാര്യത ഉറപ്പാക്കാൻ രൂപീകരിച്ച ഉന്നതതല സമിതി അധ്യക്ഷൻ കെ. രാധാകൃഷ്ണൻ. പരീക്ഷ നടത്തിപ്പിന് തകരാറുകളില്ലാത്ത ശക്തമായ സംവിധാനം ഏർപ്പെടുത്തുകയാണ് ലക്ഷ്യമെന്ന് സമിതിയുടെ ആദ്യ യോഗത്തിന് ശേഷം അദ്ദേഹം വ്യക്തമാക്കി. പരീക്ഷ പ്രക്രിയ സുഗമമാക്കുന്നതിലൂടെ വിദ്യാർത്ഥികളുടെ സമ്മർദ്ദവും ബുദ്ധിമുട്ടുകളും കുറക്കുമെന്നും ശ്രീ രാധാകൃഷ്ണൻ പറഞ്ഞു.

**********************************************************

**നിയമസഭ - പിരിഞ്ഞു**

പ്രതിപക്ഷ ബഹളം രൂക്ഷമായതിനെ തുടർന്ന് നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. ടി.പി.ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളുടെ ശിക്ഷാ ഇളവുമായി ബന്ധപ്പെട്ട് പ്രതിപക്ഷം കൊണ്ടു വന്ന അടിയന്തര പ്രമേയ നോട്ടീസിന് സ്പീക്കർ അനുമതി നിഷേധിച്ചതിനെ തുടർന്നായിരുന്നു പ്രതിഷേധം. പ്രതിപക്ഷത്ത് നിന്ന് കെ കെ രമയാണ് അടിയന്തര പ്രമേയ അവതരണത്തിന് അനുമതി തേടിയത്. പ്രതികൾക്ക് ശിക്ഷാ ഇളവ് നൽകുന്നത് സംബന്ധിച്ച നീക്കം സർക്കാരിൻറെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ലെന്ന് സ്പീക്കർ പറഞ്ഞു. അടിയന്തര പ്രാധാന്യമുള്ള വിഷയമല്ലാത്തതിനാൽ നോട്ടീസ് നിരസിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു. എന്നാൽ, അംഗത്തിന് വിഷയം സബ്മിഷനായി സഭയിൽ അവതരിപ്പിക്കാമെന്നും സ്പീക്കർ വ്യക്തമാക്കി. സർക്കാർ പറയേണ്ട മറുപടി സ്പീക്കർ പറഞ്ഞത് അനൗചിത്യമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ

RNUTVPM

ആരോപിച്ചു. പ്രതിപക്ഷം മുദ്രാവാക്യം വിളികളുമായി നടുത്തളത്തിലിറങ്ങി പ്രതിഷേധിക്കുന്നതിനിടെ സ്പീക്കർ മറ്റ് സഭാ നടപടികളിലേക്ക് കടന്നു. എന്നാൽ ബഹളം രൂക്ഷമായതിനെ തുടർന്ന് സഭ പിരിയുകയായിരുന്നു.

****************************************************

**നിയമസഭ - ഒ.ആർ കേളു**

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഇ -ഗ്രാൻഡ് സ്കോളർഷിപ് തുക കുടിശിക ഉൾപ്പെടെ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചതായി മന്ത്രി ഒ ആർ കേളു. നിയമസഭയിൽ ചോദ്യോത്തര വേളയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. കേന്ദ്ര സർക്കാരിന്റെ സാങ്കേതിക സഹായം ലഭിക്കുന്ന മുറയ്ക്കാവും തുക വിതരണം ചെയ്യുക. ഇതിനായി സർവകലാശാലകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഓൺലൈൻ സംവിധാനങ്ങൾ ഏകീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

****************************************************

**നിയമസഭ - സജി ചെറിയാൻ**

ആഴക്കടൽ മത്സ്യബന്ധനത്തിനായി നൽകിയിട്ടുള്ള യാനങ്ങളുടെ അറ്റകുറ്റപ്പണി നടത്താൻ സർക്കാർ മുൻകൈയെടുക്കുമെന്ന് മന്ത്രി സജി ചെറിയാൻ നിയമസഭയിൽ ചോദ്യോത്തരവേളയിൽ അറിയിച്ചു. മത്സ്യത്തൊഴിലാളികൾക്കുള്ള 1100 ഫ്ലാറ്റുകളുടെ നിർമ്മാണം ഉടൻ പൂർത്തീകരിക്കുമെന്നും മന്ത്രി പറഞ്ഞു. കൃത്രിമ പാര് നിക്ഷേപിച്ചതിലൂടെ സമുദ്ര മത്സ്യ ഉത്പാദനം മെച്ചപ്പെട്ടു. തിരുവനന്തപുരത്തിന് പുറമെ കൂടുതൽ ജില്ലകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുമെന്ന് ശ്രീ സജി ചെറിയാൻ അറിയിച്ചു. മത്സ്യ വിഭവ സംരക്ഷണത്തിൽ നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ

RNU TVPM

പ്രവർത്തനം ഊർജിതമായി പുരോഗമിക്കുകയാണെന്നും മന്ത്രി വ്യക്തമാക്കി.

****************************************************

__നിയമസഭ - എ.കെ ശശീന്ദ്രൻ__

സംസ്ഥാനത്ത് മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കാൻ വനം വകുപ്പ് കർമ്മപദ്ധതികൾ നടപ്പിലാക്കി വരുന്നതായി മന്ത്രി എ കെ ശശീന്ദ്രൻ നിയമസഭയിൽ അറിയിച്ചു. വന്യ മൃഗങ്ങളുടെയും ജനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. വന്യജീവി സംഘർഷം രൂക്ഷമായ സ്ഥലങ്ങളിൽ കൂടുതൽ വാച്ചർമാരെ നിയോഗിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

****************************************************

__വി ശിവൻകുട്ടി + പ്ലസ് വൺ__

കേരളത്തിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധിയിൽ വിവിധ വിദ്യാർത്ഥി സംഘടനകളുമായി വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി ഇന്ന് ചർച്ച നടത്തും. വിദ്യാർത്ഥി സംഘടനകൾ നൽകിയ നിവേദനങ്ങൾ പരിഗണിച്ചാണ് ചർച്ച നടത്തുന്നത്. അതേസമയം, വിഷയത്തിൽ പ്രതിഷേധം തുടരുകയാണ്.

****************************************************

__യൂത്ത് ലീഗ് മാർച്ച്__

പ്ലസ് വൺ സീറ്റ് വിഷയത്തിൽ നിയമസഭയിലേക്ക് യൂത്ത് ലീഗ് പ്രതിഷേധ മാർച്ച് നടത്തി. യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ ഫിറോസിന്റെ നേതൃത്വത്തിലാണ് മാർച്ച്.

****************************************************

__ജവാൻ - മരണം__

ഛത്തിസ്ഗഢിൽ മാവോയിസ്റ്റ് ആക്രമണത്തിൽ വീരമൃത്യു വരിച്ച സിആർപിഎഫ് ജവാൻ ആർ.വിഷ്ണുവിന്റെ സംസ്കാര ചടങ്ങുകൾ

PNU TVPM

അല്പസമയത്തിനകം നടക്കും. തിരുവനന്തപുരം കരുമംകോട് ശാന്തി കവാടത്തിൽ ഔദ്യോഗിക ബഹുമതികളോടെയാണ് സംസ്കാരം. ഭൗതിക ശരീരം പൊതു ദർശനത്തിന് വെച്ച കുടുംബ വീട്ടിലും നന്ദിയോട് ജംഗ്ഷനിലും നൂറുകണക്കിന് ആളുകളാണ് അന്ത്യാഞ്ജലി അർപ്പിക്കാൻ എത്തിയത്. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മന്ത്രി ജി ആർ അനിൽ തുടങ്ങിയവരും അന്ത്യാഞ്ജലി അർപ്പിച്ചു. പുലർച്ചെ തിരുവനന്തപുരത്തെത്തിച്ച മൃതദേഹത്തിൽ സംസ്ഥാന സർക്കാരിന് വേണ്ടി മേയർ ആര്യ രാജേന്ദ്രൻ പുഷ്പചക്രം അർപ്പിച്ചു.

*****************************************************

**<u>അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനം</u>**

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി നാളെ സാമൂഹ്യനീതി വകുപ്പ് സംസ്ഥാനതല പരിപാടി സംഘടിപ്പിക്കും. നശാമുക്ത് ഭാരത് അഭിയാൻ, ആസാദ് സേന എന്നിവരുടെ സഹകരണത്തോടെ തിരുവനന്തപുരത്ത് പരിപാടി ജില്ലാ കളക്ടർ ഉദ്ഘാടനം ചെയ്യും. CGST ആൻഡ് കസ്റ്റംസ്, തിരുവനന്തപുരം മേഖലയുടെ നേതൃത്വത്തിൽ നാളെ ഉച്ചകഴിഞ്ഞ് എറണാകുളം സെൻ്റ് തെരേസാസ് ഹയർ സെക്കൻഡറി സ്കൂളിലും ലഹരി വിരുദ്ധ പരിപാടി സംഘടിപ്പിക്കും.

*****************************************************

**<u>പക്ഷിപ്പനി ആലപ്പുഴ - (ഇൻട്രോ)</u>**

ആലപ്പുഴ ജില്ലയിലെ വിവിധയിടങ്ങളിൽ പക്ഷിപ്പനി പ്രതിരോധ നടപടികൾ ഊർജിതം. ഇന്നും നാളെയുമായി അൻപതിനായിരത്തിലേറെ പക്ഷികളെയാണ് കൊന്നൊടുക്കുക. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ.....

RNU TVPM

(വോയിസ്...........)

*****************************************************

**<u>മഴ - സംസ്ഥാനം</u>**

സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. എറണാകുളം മുതൽ വയനാട് വരെയുള്ള ഏഴു ജില്ലകളിൽ മഞ്ഞ ജാഗ്രതയും നിലവിലുണ്ട്. വെള്ളിയാഴ്ച വരെ കേരളം, കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*****************************************************

**<u>കണ്ണൂർ - ഷട്ടർ ഉയർത്തി</u>**

മഴ ശക്തമായ സാഹചര്യത്തിൽ കണ്ണൂർ പഴശ്ശി ജല സംഭരണിയിലെ 16 ഷട്ടറുകളിൽ എട്ടെണ്ണം 90 സെൻറീമീറ്ററും നാലെണ്ണം 60 സെൻറീമീറ്ററും ഉയർത്തി. ജലനിരപ്പ് നിയന്ത്രിച്ച് നിർത്തുന്നതിൻ്റെ ഭാഗമായി ഇടുക്കി മലങ്കര ഡാമിൻ്റെ മൂന്ന് ഷട്ടറുകൾ 30 സെന്റീ മീറ്റർ വീതം ഉയർത്തിയിട്ടുണ്ട്. തൊടുപുഴ, മൂവാറ്റുപുഴ ആറുകളുടെ തീരത്തുള്ളവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.

RNU TVPM

*****************************************************

**<u>ക്രിക്കറ്റ്</u>**

ട്വൻറി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനലിൽ കടന്ന് ഇന്ത്യ. ഇന്നലെ നടന്ന സൂപ്പർ 8 മത്സരത്തിൽ ഓസ്ട്രേലിയയെ 24 റൺസിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ സെമിയിലെത്തിയത്. ഇന്ന് നടന്ന മത്സരത്തിൽ ബംഗ്ലാദേശിനെതിരെ 8 റൺസിന് വിജയിച്ച് അഫ്ഗാനിസ്ഥാനും സെമി യോഗ്യത നേടി. ഇതോടെ ഓസ്ട്രേലിയ ടൂർണമെന്റിൽ നിന്ന് പുറത്തായി. വ്യാഴാഴ്ച നടക്കുന്ന സെമിഫൈനലിൽ

അഫ്ഗാനിസ്ഥാൻ ദക്ഷിണാഫ്രിക്കയെയും, ഇന്ത്യ ഇംഗ്ലണ്ടിനെയും നേരിടും.

*****************************************************

## <u>യുഫേഫ ഫുട്ബോൾ</u>

യുഫേഫ യൂറോപ്യൻ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കഴിഞ്ഞ ദിവസം ഗ്രൂപ്പ് ബിയിൽ നിന്ന് നോക്കൗട്ട് ഘട്ടത്തിൽ സ്ഥാനം ഉറപ്പിച്ച് സ്പെയിനും ഇറ്റലിയും. അൽബേനിയയെ 1-0 ന് തോൽപ്പിച്ചാണ് സ്പെയിൻ മൂന്നാം വിജയം നേടിയത്.

അതേസമയം, ക്രൊയേഷ്യയോട് ഇറ്റലി 1-1 ന് സമനില വഴങ്ങിയെങ്കിലും മികച്ച ഗോൾ വ്യത്യാസത്തിൽ നോക്കൗട്ടിലേക്ക് കടന്നു. ഗ്രൂപ്പ് - ഡി യിൽ ഫ്രാൻസ് - പോളണ്ടിനെയും, നെതർലൻഡ്സ് - ഓസ്ട്രിയയെയും നേരിടും. ഗ്രൂപ്പ് - സി യിലെ മത്സരത്തിൽ ഡെന്മാർക്ക് - സെർബിയയുമായി ഏറ്റുമുട്ടും.

RNU TVPM

***************************

*****************************************************

*****************************************************